## ഇന്ത്യൻ മുസ്‌ലിംകൾക്ക് നാലിന പരിപാടി

ഇന്ത്യാവിഭജനം ഉറപ്പായിക്കഴിഞ്ഞ സാഹചര്യത്തിലാണ് 1947 ആഗസ്ത് 26-ന് ജമാഅത്തെ ഇസ്‌ലാമിയുടെ ദക്ഷിണമേഖലാസമ്മേളനം മദ്രാസിൽ ചേർന്നത്. ഇത് ജമാഅത്തിന്റെ അവസാന സമ്മേളനമായിരിക്കുമെന്ന് മനസ്സിലാക്കിയ മൗലാനാ മൗദൂദി ഈ സമ്മേളനത്തിൽ ചെയ്ത പ്രസംഗം ജമാഅത്തെ ഇസ്‌ലാമിയുടെ ചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലായിത്തീർന്നു. ഇന്ത്യൻ മുസ്‌ലിംകൾക്ക് നാലിന പ്രവർത്തന പരിപാടികൾ അദ്ദേഹം നിർദേശിക്കുകയുണ്ടായി. വിഭജനശേഷം ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ നയരൂപീകരണം ഈ മാർഗദർശനത്തിന്റെ അടിസ്ഥാനത്തിലാണ് നടന്നത്.

1. മുസ്‌ലിംകൾക്കും ഹിന്ദുക്കൾക്കുമിടയിൽ ഇപ്പോൾ നടന്നുവരുന്ന സാമുദായിക സംഘർഷത്തിന് അറുതി വരുത്തുക. മുസ്‌ലിംകൾ ഇസ്‌ലാമിനുവേണ്ടി പ്രവർത്തിക്കുന്നതിനുപകരം തങ്ങളുടെ സാമുദായിക താൽപര്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്നത് തന്നെ എന്റെ വീക്ഷണത്തിൽ തെറ്റാണ്. എന്നാൽ ഈ പോരാട്ടം തുടരുന്നത് വെറുമൊരു തെറ്റല്ല. മറിച്ച്, വിനാശകരവും വിഡ്ഢിത്തപൂർണവുമായ ഒരു തെറ്റാണത്.

2. മുസ്‌ലിംകളിൽ വ്യാപമായി ഇസ്‌ലാമിക വിജ്ഞാനം പ്രചരിപ്പിക്കുക. അവരിൽ ഇസ്‌ലാമിക പ്രബോധന വികാരം വളർത്തുക. അവരുടെ ധാർമികവും നാഗരികവും സാമൂഹകവുമായ ജീവിതത്തെ, അമുസ്‌ലിംകൾക്ക് പോലും തങ്ങളുടെ സമൂഹത്തേക്കാൾ മെച്ചപ്പെട്ടത് മുസ്‌ലിംകളുടെ സമൂഹമാണ് എന്ന് തോന്നുമാറ്, സംസ്കരിച്ചു നന്നാക്കുക.

3. ഈ രാജ്യത്തെ ധിഷണാശേഷിയെ പരമാവധി കണ്ട് ഇസ്‌ലാമിക പ്രബോധനത്തിൽ ഭാഗഭാക്കാക്കുക. ഇസ്‌ലാമിക പ്രസ്ഥാനത്തിന് ബുദ്ധിപരമായും കർമപരമായും മികച്ച നേതൃത്വം നൽകാൻ യോഗ്യതയുള്ള ആളുകളെ നേതൃരംഗത്തേക്ക് ഉയർത്തിക്കൊണ്ടു വരുന്നതിലൂടെ മാത്രമേ ഇസ്‌ലാമിക പ്രബോധനത്തെ ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റാൻ നമുക്ക് സാധിക്കുകയുള്ളൂ.

4. നമ്മുടെ എല്ലാ പ്രവർത്തകരും ഭാവിയിൽ ഈ പ്രസ്ഥാനവുമായി ബന്ധപ്പെടുന്നവരും ഇന്ത്യയിലെ പ്രാദേശിക ഭാഷകൾ പഠിക്കുകയും അവയിൽ എഴുതാനും പ്രസംഗിക്കാനുമുള്ള യോഗ്യത ആർജിക്കുകയും ചെയ്യണം. ഭാവിയിൽ വിദ്യാഭ്യാസത്തിന്റെയും സാഹിത്യത്തിന്റെയും മാധ്യമങ്ങളായിത്തീരുന്ന ഈ ഭാഷകളിൽ എത്രയും വേഗം അത്യാവശ്യ ഇസ്‌ലാമിക സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കാൻ പരമാവധി ശ്രമിക്കണം.